**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 850** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>സ്ത്രീ സുരക്ഷാ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. യു. ആർ. പ്രദീപ് ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** കഴിഞ്ഞ സർക്കാർ സ്ത്രീ സുരക്ഷാ പദ്ധതി പ്രകാരം വീട്ടമ്മമാർക്ക് 1000 രൂപ പെൻഷൻ അനുവദിച്ചതു പ്രകാരം ഇതുവരെ എത്ര പേർക്ക് പെൻഷൻ വിതരണം സംസ്ഥാനത്ത് ചെയ്തിട്ടുണ്ട്; ഇതിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

**<u>മറുപടി:</u>** 2026 ഫെബ്രുവരി മാസം പദ്ധതി മാനദണ്ഡം പാലിക്കുന്ന 15,92,427 ഗുണഭോക്താകൾക്കും 2026 മാർച്ച് മാസം 16,40,276 ഗുണഭോക്താക്കൾക്കും 1000/- രൂപ നിരക്കിൽ "മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതി"യുടെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഇതിനായി 323,27,03,000/- രൂപ ചെലവഴിച്ചിട്ടുണ്ട്

**(ബി)** എന്നു മുതലാണ് ഈ പദ്ധതി കഴിഞ്ഞ സർക്കാർ അനുവദിച്ചത്; ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

**<u>മറുപടി:</u>** 01/11/2025-ലെ ജി.ഒ(പി)നമ്പർ.138/2025/ധന പ്രകാരം “മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതി" നടപ്പാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും ആദ്യഘട്ട ആനുകൂല്യ വിതരണവും നടന്നത് 11/02/2026-ന് ആണ്. മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(സി)** 35 വയസ്സ് കഴിഞ്ഞ BPL കുടുംബത്തിൽപ്പെട്ട മുഴുവൻ വീട്ടമ്മമാർക്കും പെൻഷൻ നൽകുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്ത് നടപ്പാക്കി വരുന്ന മറ്റു സാമൂഹ്യക്ഷേമ പദ്ധതികളിലൊന്നിലും ഗുണഭോക്താക്കൾ ആകാത്തവരും അന്ത്യോദയ അന്നയോജനയിലും [AAY - മഞ്ഞ കാർഡ്], മുൻഗണനാ വിഭാഗത്തിലും [PHH - പിങ്ക് കാർഡ്] ഉൾപ്പെടുന്നവരുമായ 35-നും 60-നും ഇടയിൽ പ്രായമുള്ള ട്രാൻസ് വുമൺ അടക്കമുള്ള സ്ത്രീകളെയാണ് നിലവിൽ പദ്ധതിയുടെ ഗുണഭോക്താക്കൾ ആയി ഉൾപ്പെടുത്തിയിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**

"ഭരണഭാഷ – മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് – മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതി – ഗുണഭോക്താക്കൾക്ക് 2026 ഫെബ്രുവരി (രണ്ടാം ഘട്ടം), മാർച്ച് മാസങ്ങളിലെ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (വനിത ശിശു വികസനം) വകുപ്പ്**

**സ.ഉ.(സാധാ)നം.2854/2026/ധന** **തിരുവനന്തപുരം, തീയതി: 16/03/2026**

---

പരാമർശം:- (1) സ.ഉ.(അച്ചടി)നം.142/2025/ധന തീയതി 10/11/2025.

(2) സ.ഉ.(സാധാ)നം.1182/2026/ധന തീയതി 06/02/2026.

(3) സ.ഉ.(സാധാ)നം.2509/2026/ധന തീയതി 10/03/2026.

(4) തദ്ദേശ സ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12/03/2026-ലെ LSGD/PD/36614/2025-SSP6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് 08/02/2026 മുതൽ 28/02/2026 വരെ ഡിജിറ്റൽ സൈൻ ചെയ്തിട്ടുള്ളതും പദ്ധതി മാനദണ്ഡം പാലിക്കുന്നതുമായ 5,74,385 ഗുണഭോക്താക്കൾക്ക് 2026 ഫെബ്രുവരി മാസത്തെ രണ്ടാം ഘട്ട ധനസഹായം വിതരണത്തിനായി 57,43,85,000/- രൂപയും മാർച്ച് മാസത്തിൽ മാനദണ്ഡം പാലിക്കുന്ന 16,40,276 ഗുണഭോക്താക്കൾക്ക് 164,02,76,000/- രൂപയും കേരളാ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് അനുവദിക്കണമെന്ന് തദ്ദേശ സ്വയം ഭരണ ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതിയുടെ 2026 ഫെബ്രുവരി മാസത്തെ രണ്ടാം ഘട്ട ധനസഹായമായി 5,74,385 ഗുണഭോക്താക്കൾക്ക് 1000/- രൂപ നിരക്കിൽ 57,43,85,000/- രൂപയും മാർച്ച് മാസത്തെ ധനസഹായമായി 16,40,276 ഗുണഭോക്താക്കൾക്ക് 1000/- രൂപ നിരക്കിൽ 164,02,76,000/- രൂപയും ഉൾപ്പെടെ ആകെ 221,46,61,000/- രൂപ (ഇരുനൂറ്റി ഇരുപത്തിയൊന്ന് കോടി

നാല്പത്തിയാറ് ലക്ഷത്തി അറുപത്തിയൊന്നായിരം രൂപ മാത്രം) ഡി ബി ടി വഴി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ. ആർ. ജ്യോതിലാൽ**

**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണവകുപ്പ്.
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണവകുപ്പ്.
5. മാനേജിങ് ഡയറക്ടർ, കേരളാ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്.
6. ധനകാര്യ (അക്കൗണ്ട്സ്) വകുപ്പ്.
7. ധനകാര്യ (സീക്രട്ട്) വകുപ്പ്.
8. ധനകാര്യ (വെയ്സ് & മീൻസ്) വകുപ്പ്.
9. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ.
10. നോഡൽ ഓഫീസർ, www.finance.kerala.gov.in ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
11. കരുതൽ ഫയൽ / ഓഫീസ് കോപ്പി (E-3318553).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

**“ഭരണഭാഷ – മാതൃഭാഷ”**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് – സ്ത്രീ സുരക്ഷാ പദ്ധതി – അന്ത്യോദയ അന്നയോജന (AAY), മുൻഗണനാ (PHH) വിഭാഗങ്ങളിലെ ട്രാൻസ് വുമൺ അടക്കമുള്ള സ്ത്രീകൾക്ക് 2026 ഫെബ്രുവരി മാസത്തെ ധനസഹായം – ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**ധനകാര്യ (വനിത ശിശു വികസനം) വകുപ്പ്**

**സ.ഉ.(സാധാ)നം.1315/2026/ധന. തിരുവനന്തപുരം, തീയതി, 10.02.2026.**

==========================================================================

**പരാമർശം :–** 1. 06.02.2026 –ലെ സ.ഉ(സാധാ) നം. 1182/2026/ധന.

2. 10.02.2026 -ലെ LSGD/PD/36614/2025-SSP6 നമ്പർ കത്ത്.

3. 10.02.2026 -ലെ KSSPL/FIN/5/2026-ASST നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

"മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതി"-യുമായി ബന്ധപ്പെട്ട് വെരിഫിക്കേഷൻ പൂർത്തിയായ 10,58,752 ഗുണഭോക്താക്കൾക്ക് 2026 ഫെബ്രുവരി മാസത്തെ ധനസഹായം അനുവദിക്കുന്നതിന് 105,87,52,000/- രൂപ അനുവദിച്ചു കൊണ്ടും, ധനസഹായം ഡി.ബി.റ്റി വഴി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് കേരളാ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിക്കൊണ്ടും പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 08.02.2026 വരെ ഡിജിറ്റൽ സൈൻ ചെയ്തിട്ടുള്ളതിൽ മാനദണ്ഡം പാലിക്കുന്ന 10,18,042 അപേക്ഷകൾ മാത്രമാണ് ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത ഗുണഭോക്താക്കൾക്ക് 1000/- രൂപ നിരക്കിൽ 2026 ഫെബ്രുവരി മാസത്തെ ധനസഹായം അനുവദിക്കുന്നതിന് 101,80,42,000/- രൂപ അനുവദിക്കണമെന്നും പരാമർശം 2, 3 എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറും കേരളാ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡും അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഡിജിറ്റൽ സൈൻ ചെയ്തിട്ടുള്ളതിൽ മാനദണ്ഡം പാലിക്കുന്ന 10,18,042 ഗുണഭോക്താക്കൾക്ക് 1000/- രൂപ

നിരക്കിൽ 2026 ഫെബ്രുവരി മാസത്തെ ധനസഹായം അനുവദിക്കുന്നതിന് 101,80,42,000/- രൂപ ഡി.ബി.റ്റി വഴി വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് കേരളാ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുന്നു.

മേൽ ഭേദഗതിയോടെ പരാമർശ ഉത്തരവ് നിലനിൽക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**ഷിബു എ.**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
4. മാനേജിങ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്.
5. തദ്ദേശ സ്വയംഭരണ (FM)വകുപ്പ്.
6. ധനകാര്യ (അക്കൗണ്ട്സ്/ സീക്രട്ട് / വെയ്സ് & മീൻസ്) വകുപ്പ്.
7. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
8. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം.
9. വിവര പൊതുജന സമ്പർക്ക വകുപ്പ്.
10. നോഡൽ ഓഫീസർ, www.finance.kerala.gov.in, ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ–മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് – സ്ത്രീ സുരക്ഷാ പദ്ധതി – അന്ത്യോദയ അന്നയോജന [AAY], മുൻഗണനാ [PHH] വിഭാഗങ്ങളിലെ ട്രാൻസ് വുമൺ അടക്കമുള്ള സ്ത്രീകൾക്ക് പ്രതിമാസ ധന സഹായം ഉറപ്പാക്കുന്ന "സ്ത്രീ സുരക്ഷാ പദ്ധതി" നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (വനിതാ ശിശു വികസനം) വകുപ്പ്**

സ.ഉ.(അച്ചടി)നം.138/2025/ധന തിരുവനന്തപുരം, തീയതി: 01/11/2025

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സാമൂഹ്യക്ഷേമ പദ്ധതികളിൽ ഒന്നിലും ഗുണഭോക്താക്കൾ ആകാത്ത പാവപ്പെട്ട കുടുംബങ്ങളിലെ സ്ത്രീകൾക്ക് പ്രതിമാസ ധനസഹായം ഉറപ്പാക്കുന്ന ഒരു പദ്ധതി ആരംഭിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, മറ്റ് സാമൂഹ്യക്ഷേമ പദ്ധതികളിൽ ഒന്നും ഗുണഭോക്താക്കൾ ആകാത്തവരും അന്ത്യോദയ അന്നയോജനയിലും [AAY – മഞ്ഞ കാർഡ്], മുൻഗണനാ വിഭാഗത്തിലും [PHH – പിങ്ക് കാർഡ്] ഉൾപ്പെടുന്നവരുമായ 35 നും 60 നും ഇടയിൽ പ്രായമുള്ള ട്രാൻസ് വുമൺ അടക്കമുള്ള സ്ത്രീകൾക്ക് 1000/- രൂപ (ആയിരം രൂപ) പ്രതിമാസ ധനസഹായം ഉറപ്പാക്കുന്ന "സ്ത്രീ സുരക്ഷാ പദ്ധതി" നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിശദമായ മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

**കെ.ആർ. ജ്യോതിലാൽ**

**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്-II) കേരളം, തിരുവനന്തപുരം.
2. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
3. ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
4. ബഹു. വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
5. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

6. ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.
7. ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.
8. ധനകാര്യ [വ്യയം] സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.
9. വനിതാ ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.
10. തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.
11. പൊതു ഭരണ (എസ്.സി) വകുപ്പ് - 29/10/2025-ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നമ്പർ.3370.
12 വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ.
13. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ.
14. നോഡൽ ഓഫീസർ, www.finance.kerala.gov.in ,ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
15. കരുതൽ ഫയൽ /ഓഫീസ് കോപ്പി (E-3318553).

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - സ്ത്രീ സുരക്ഷാ പദ്ധതി - മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

### ധനകാര്യ (വനിതാ ശിശു വികസനം) വകുപ്പ്

സ.ഉ.(അച്ചടി)നം.142/2025/ധന    തിരുവനന്തപുരം, തീയതി: 10/11/2025

പരാമർശം :- 1. 01/11/2025 ലെ സ.ഉ(അച്ചടി)നം. 138/2025/ധന ഉത്തരവ്.

## ഉത്തരവ്

സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സാമൂഹ്യക്ഷേമ പദ്ധതികളിൽ ഒന്നിലും ഗുണഭോക്താക്കൾ ആകാത്തവരും, അന്ത്യോദയ അന്നയോജനയിലും (AAY- മഞ്ഞ റേഷൻകാർഡ്) മുൻഗണനാ വിഭാഗങ്ങളിലും (PHH-പിങ്ക് റേഷൻകാർഡ്) ഉൾപ്പെടുന്നവരുമായ 35 നും 60 നും ഇടയിൽ പ്രായമുള്ള ട്രാൻസ് വുമൺ അടക്കമുള്ള സ്ത്രീകൾക്ക് 1000/-രൂപ (ആയിരം രൂപ) പ്രതിമാസ ധനസഹായം ഉറപ്പാക്കുന്ന "സ്ത്രീ സുരക്ഷാ പദ്ധതി" നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നല്കി സൂചന 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മാർഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും നിശ്ചയിച്ചു കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

### പൊതു മാനദണ്ഡങ്ങൾ

1. അപേക്ഷകർ മറ്റ് സാമൂഹ്യ ക്ഷേമ പദ്ധതികളിൽ ഒന്നും തന്നെ ഗുണഭോക്താക്കൾ ആകാത്തവരും അന്ത്യോദയ അന്നയോജനയിലും [AAY - മഞ്ഞ കാർഡ്] മുൻഗണനാ വിഭാഗത്തിലും [PHH - പിങ്ക് കാർഡ്] ഉൾപ്പെടുന്നവരുമായ 35 നും 60 നും ഇടയിൽ പ്രായമുള്ള ട്രാൻസ് വുമൺ അടക്കമുള്ള സ്ത്രീകൾ ആയിരിക്കണം.

2. പ്രസ്തുത പ്രായപരിധി കടക്കുന്ന ദിവ ര ആനുകൂല്യത്തിന് അർ ഉണ്ടായിരിക്കുന്നതല്ല.

3. സംസ്ഥാനത്ത് സ്ഥിരതാമസം ഉള്ളവർക്ക് മാത്രമായിരിക്കും ആനുകൂല്യം ലഭിക്കുന്നത്.

4. പദ്ധതിയുടെ പ്രതിമാസ അനുകൂല്യം 1000/- രൂപ (ആയിരം രൂപ) ആയിരിക്കും.

5. വിധവാ പെൻഷൻ, അവിവാഹിത പെൻഷൻ, വികലാംഗ പെൻഷൻ മുതലായ ഏതെങ്കിലും സാമൂഹ്യ ക്ഷേമ പെൻഷനുകൾ, വിവിധ തരം സർവീസ് പെൻഷനുകൾ. കുടംബ പെൻഷൻ, ക്ഷേമ നിധി ബോർഡുകളിൽ നിന്നുള്ള കുടുംബ പെൻഷൻ, ഇ.പി.എഫ് പെൻഷൻ മുതലായവ ലഭിക്കുന്നവർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല.

6. സംസ്ഥാനത്തിനകത്ത് നിന്നും താമസം മാറുകയോ, കേന്ദ്ര/സംസ്ഥാന സർക്കാർ സർവീസ്, കേന്ദ്ര/സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ, പദ്ധതികൾ, സർവ്വകലാശാലകൾ, മറ്റ് സ്വയം ഭരണ/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവയിൽ സ്ഥിരം/കരാർ നിയമനം ലഭിക്കുകയോ ചെയ്യുന്നതോട് കൂടി അനുകൂല്യത്തിനുള്ള അർഹത ഇല്ലാതാകുന്നതാണ്.

7. അന്ത്യോദയ അന്നയോജന, മുൻഗണനാ റേഷൻ കാർഡുകൾ നീല, വെള്ള റേഷൻ കാർഡുകൾ ആയി തരം മാറ്റപ്പെടുന്ന പക്ഷം പദ്ധതി അനുകൂല്യത്തിനുള്ള അർഹത ഇല്ലാതാകുന്നതാണ്.

8. ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷമുള്ള ആനുകൂല്യത്തിന് അവകാശികൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

9. എല്ലാ ഗുണഭോക്താക്കളും പദ്ധതി മാനദണ്ഡങ്ങളുടെ പരിധിയിൽ വരുന്നുണ്ടെന്ന് കാണിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സത്യപ്രസ്താവന നല്കേണ്ടതാണ്.

10. ഗുണഭോക്താവ് ഒരു മാസമോ അതിലധികമോ കാലം റിമാൻഡ് ചെയ്യപ്പെടുകയോ ജയിലിൽ അടക്കപ്പെടുകയോ ചെയ്യുന്ന പക്ഷം പ്രസ്തുത കാലയളവിലെ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

11. പ്രായം തെളിയിക്കുന്നതിനുള്ള രേഖയായി ജനന സർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട് എന്നിവ ഉപയോഗിക്കാവുന്നതാണ്. ഇവയുടെ അഭാവത്തിൽ മാത്രം വയസ്സ് തെളിയിക്കുന്നതിന് മറ്റ് രേഖകളൊന്നും ലഭ്യമല്ല എന്നുള്ള

അപേക്ഷകരുടെ സ്വയം സാക്ഷ്യപ്പെടുത്തിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന ഡോക്ടർ സർട്ടിഫിക്കറ്റ്, പ്രായം തെളിയിക്കുന്നതിനുള്ള രേഖയായി ഉപയോഗിക്കാവുന്നതാണ്.

12. അനർഹമായി ആനുകൂല്യം കൈപ്പറ്റുന്നവരിൽ നിന്നും ഇത്തരത്തിൽ കൈപ്പറ്റിയ തുക 18% പലിശ സഹിതം തിരികെ ഈടാക്കുന്നതാണ്.
13. ഗുണഭോക്താക്കൾക്ക് ആധാർ അടിസ്ഥാനമാക്കിയുള്ള വാർഷിക മസ്റ്ററിംഗ് ഉണ്ടായിരിക്കുന്നതാണ്.

**മാർഗനിർദ്ദേശങ്ങൾ**

1. അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ മേൽ മാനദണ്ഡങ്ങൾ അനുസരിച്ച് യോഗ്യരായ വ്യക്തികളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കേണ്ടതാണ്.
2. അപേക്ഷയോടൊപ്പം തന്നെ ഗുണഭോക്താക്കളുടെ IFSC കോഡ്, ബാങ്ക് അക്കൗണ്ട് നമ്പർ, ആധാർ വിവരങ്ങൾ എന്നിവ ശേഖരിക്കേണ്ടതാണ്.
3. തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ, ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് അയോഗ്യരായവരെ ഒഴിവാക്കേണ്ടതും യോഗ്യരായവരുടെ ഗുണഭോക്തൃ പട്ടിക തയ്യാറാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി മുഖേന കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനിയ്ക്ക് കൈമാറേണ്ടതുമാണ്.
4. ഇൻഫർമേഷൻ കേരള മിഷന്റെ (IKM) ഡാറ്റാബേസിനെ കൂടി അടിസ്ഥാനമാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി ഗുണഭോക്തൃ പട്ടിക പൂർത്തീകരിക്കേണ്ടതാണ്.
5. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി, ഇൻഫർമേഷൻ കേരള മിഷന്റെയും (IKM) IT മിഷന്റെയും സഹായത്തോടെ "സേവന" പോർട്ടലിൽ അനുയോജ്യമായ മോഡ്യൂൾ ഉൾപ്പെടുത്തേണ്ടതാണ്.
6. അർഹരായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി പദ്ധതി ആനുകൂല്യം അനുവദിക്കുന്നതാണ്.
7. സമയാസമയങ്ങളിൽ പദ്ധതി മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുവാനുള്ള അധികാരം കേരള സർക്കാരിൽ നിക്ഷിപ്തമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

**കെ.ആർ. ജ്യോതിലാൽ**

**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്-II) കേരളം, തിരുവനന്തപുരം.
2. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
3. ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
4. ബഹു. വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
5. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
6. ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.
7. ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.
8. ധനകാര്യ [വ്യയം] സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.
9. വനിതാ ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.
10. തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.
11. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ.
12. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ.
13. നോഡൽ ഓഫീസർ, www.finance.kerala.gov.in ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
14. കരുതൽ ഫയൽ / ഓഫീസ് കോപ്പി (E-3318553).

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.